അപേക്ഷകളിൻമേൽ സ്പെഷ്യൽ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം എടുത്തു എന്നതിനെ സംബന്ധിച്ച് ഇതുവരെ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. ഏതെങ്കിലും കാരണവശാൽ അത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ ഹജ്ജ് തീർത്ഥാടനത്തിന് പോകുന്ന ആളുകൾക്ക് യാതൊരു തടസ്സവും കൂടാതെ അത് കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം കൊടുക്കുന്നതാണ്. നിയമാനുസൃതമുള്ള രേഖകൾ സഹിതം സത്യസന്ധമായി ഹാജരാക്കപ്പെടുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം കൊടുക്കുന്നതാണ്.

(4) ഹർത്താലും ബന്തും റഗുലെറ്റ് ചെയ്യാൻ ബിൽ

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, നിയമപരിഷ്കരണ കമ്മീഷൻ ഈ ഗവൺമെന്റ് വലിയ ഭരണ നേട്ടമായി ചിത്രീകരിച്ച ഒരു കാര്യമാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി നിരവധി തവണ ഇതേക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ സഭയിലും പുറത്തും വാർത്താസമ്മേളനം നടത്തി, ഈ സഭയിലും ഇക്കാര്യം ആവർത്തിച്ചിട്ടുണ്ട്. വലിയ ഒരു ഭരണ നേട്ടമാണ്, കാലോചിതമായി നിയമങ്ങൾ പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നു എന്നു പറഞ്ഞു. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ അധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷൻ ഹർത്താലും ബന്തും റഗുലേറ്റ് ചെയ്യണം എന്ന ഒരു നിയമനിർമ്മാണത്തിനുള്ള ശുപാർശ നൽകിയിരുന്നു. കഴിഞ്ഞ ജനുവരി 24 -ന് ഈ റിപ്പോർട്ട് സ്വീകരിച്ചുകൊണ്ട് നിയമവകുപ്പുമന്ത്രി വളരെ ഗൗരവത്തോടുകൂടി ഇത് പരിഗണിക്കും എന്ന് പറഞ്ഞ് ഒരു വലിയ കാര്യമായാണ് അദ്ദേഹം അന്നും ഇതിനെ ചിത്രീകരിച്ചത്. എന്നാൽ ഇപ്പോൾ ഇത് വേണ്ട എന്നാണ് തീരുമാനം. ഈ ബിൽ ചാപിള്ളയായിരിക്കുന്ന ഒരു അവസ്ഥാവിശേഷമാണുണ്ടായിരിക്കുന്നത്. ഈ ബിൽ ഉപേക്ഷിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു എന്നാണ് മനസ്സിലാക്കുന്നത്. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട ജസ്റ്റീസ് വി. ആർ കൃഷ്ണയ്യരുടെ പ്രതികരണം പത്രങ്ങളിൽ വന്നിട്ടുണ്ട്. ഈ നടപടി അത്യാഹിതം എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. നാലുദിവസത്തിനുള്ളിൽ രണ്ട് ബന്ത് ; ഇത്തരത്തിൽ ആളുകളെ ബന്ദികളാക്കിക്കൊണ്ട് പീഡിപ്പിക്കുകയാണ്. യാതൊരു ജനസ്വാധീനവുമില്ലാത്ത സംഘടനകൾക്കും പാർട്ടികൾക്കും പോലും എളുപ്പം പ്രഖ്യാപിച്ച് വിജയിപ്പിക്കാൻ കഴിയുന്ന ഒരു സമരമാർഗ്ഗമായി ബന്തും ഹർത്താലും മാറിയിട്ടുണ്ട്. ഇതിന്റ ദുരിതങ്ങൾ ആളുകൾ ധാരളമായി അനുഭവിക്കുകയാണ്. വലിയ ജനകീയ ആവശ്യമെന്ന നിലയിൽ അത്യാവശ്യത്തിന് നോട്ടീസ് നൽകി നിശ്ചിത സമയത്ത് ഈ കാര്യങ്ങളൊക്കെ നിർവ്വഹിച്ചാൽ നമുക്ക് മനസ്സിലാകും. പക്ഷെ ഇവിടെ യാതൊരു നോട്ടീസും കൂടാതെ പെട്ടെന്ന് പ്രഖ്യാപിക്കപ്പെടുന്ന ഇത്തരത്തിലുള്ള ബന്തുകളും ഹർത്താലുകളും ജനജീവിതം വളരെയധികം ദുസ്സഹമാക്കുന്നു. അത്തരം സന്ദർഭങ്ങളിലുണ്ടാകുന്ന അക്രമങ്ങളിൽ നിരവധി ആളുകൾക്ക് പരുക്കേൽക്കുന്നു. വളരെ കൂടുതൽ കഷ്ടനഷ്ടങ്ങൾ പൊതുജനങ്ങൾക്കും അതുപോലെതന്നെ പൊതുമുതലിനുമൊക്കെ ഉണ്ടാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ട്. അതുകൊണ്ട് ഇത് റെഗുലേറ്റ് ചെയ്യേണ്ടത് വളരെ അനിവാര്യമായ കാര്യമാണ് അത്തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമ നിർമ്മാണ നിർദ്ദേശമാണ് ബഹുമാന്യനായ ജസ്റ്റീസ് വി. ആർ കൃഷ്ണയ്യർ നൽകിയത്. അദ്ദേഹത്തിന്റെ ശുപാർശയിൽ ബന്ദിലും ഹർത്താലിലും നാശനഷ്ടങ്ങളുണ്ടായാൽ ബന്ധപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്ന നിർദ്ദേശവും ഉണ്ടായിരുന്നു. ആഭ്യന്തര വകുപ്പ് ആ നിർദ്ദേശത്തെ പുച്ഛിച്ചുതള്ളി എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കാരണം, ആളുകൾക്ക് അവരുടെ കുറ്റം കൊണ്ടല്ലാതെ.....

മി. ഡെപ്യൂട്ടി സ്പീക്കർ : ഒന്ന് പറഞ്ഞ് തീർക്കൂ ശ്രീ. പുതുശ്ശേരി .....സബ്മിഷനല്ലേ ; .... സബ്മിഷന് ഒരു സമയമില്ലേ ?

ശ്രീ. ജോസഫ് എം.പുതുശ്ശേരി : സർ, ...(തടസ്സം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പുതുശ്ശേരി, അങ്ങ് പറഞ്ഞുകഴിഞ്ഞോ ?

..... (ബഹളം) .....

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : മറുപടി വേണ്ടേ ?

..... (ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : മൈക്ക് ആരും ഓഫ് ചെയ്തില്ല. വിഷയം പറയാൻ പറഞ്ഞു. മൈക്ക് ഓഫ് ചെയ്തില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാം. അല്ലെങ്കിൽ ശ്രീ. പുതുശ്ശേരിക്ക് ഇത് ഇനിയും പറയണമെങ്കിൽ പറയാം. അല്ലാതെന്തു പറയാൻ. പറഞ്ഞു തീർക്കണമെങ്കിൽ പറഞ്ഞു തീർത്തോളൂ.

10.00 AM] നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട ശ്രീ. ജോസഫ് എം. പുതുശ്ശേരി ഈ നിയമത്തോട് യോജിക്കുന്നുണ്ടോ ? അത് പറഞ്ഞില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17-11-2007-ൽ ഒരു സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായുള്ള ഒരു നിയമ പരിഷ്ക്കരണ കമ്മീഷൻ രൂപീകരിച്ചിരുന്നു. ഈ കമ്മീഷന്റെ കാലാവധി 15-2-2009-ൽ അവസാനിച്ചു. 26-1-2009-ൽ എറണാകുളത്ത് വച്ച് നടന്ന ചടങ്ങിൽ വച്ച് സർക്കാരിന് ഔദ്യോഗികമായി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. കമ്മീഷന്റെ പൂർണ്ണ റിപ്പോർട്ട് 20-2-2009-ലാണ് സർക്കാരിന് ലഭിച്ചത്. 1164 പേജ് വരുന്ന 3 വാല്യങ്ങളുള്ള പ്രസ്തുത റിപ്പോർട്ടിൽ വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന 104 കരട് ബില്ലുകളുണ്ട്. അവയിൽ 65 ബില്ലുകൾ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും 30 ബില്ലുകൾ നിലവിലുള്ള നിയമം ഭേദഗതി ചെയ്യുന്നതിനും 9 ബില്ലുകൾ നിലവിലുള്ള ചട്ടങ്ങളും റഗുലേഷനുകളും ഭേദഗതി ചെയ്യുന്നതിനുമുള്ളതാണ്. 107 കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും റിപ്പോർട്ടിൽ ശുപാർശയുണ്ട്. അത്ര ബൃഹത്തായ ഒരു റിപ്പോർട്ടാണിത്, ഒരു ബില്ലിനെപ്പറ്റി മാത്രമാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്. സുപ്രധാനമായ പല ശുപാർശകളുമടങ്ങുന്നതാണ് നിയമ പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട്. അതിലൊന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഹർത്താൽ നിയന്ത്രിക്കുന്നതിനുള്ള കരട് ബിൽ. .....ഇവിടെ ശ്രീ. ജോസഫ് എം. പുതുശ്ശേരി പോയോ.....

മി. ഡെപ്യൂട്ടി സ്പീക്കർ : അവിടെയുണ്ടാകും. അങ്ങ് പറയാനുള്ളത് പറയൂ.

ശ്രീ. എം. വിജയകുമാർ : സബ്മിഷൻ പറഞ്ഞുകഴിഞ്ഞാൽ പിന്നെ അംഗം വേണമെന്നില്ല. ഇത് സഭയുടെ ഭാഗമാണ്. ഇനി ബാക്കി പറയാം. കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് സർക്കാർ ഉത്തരവിലൂടെ 31-3-2010-ൽ മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ ഉപസമിതി റിപ്പോർട്ട് പഠിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. പുതുശ്ശേരി ഇവിടെ സൂചിപ്പിച്ച കാര്യം വെറും നിയമപ്രശ്നമായി മാത്രം സർക്കാർ കാണുന്നില്ല. ഏകപക്ഷീയമായ ഒരു നിലപാട് ഈ കാര്യത്തിൽ സ്വീകരിക്കുന്നതിന് സർക്കാർ ആഗ്രഹിക്കുന്നില്ല. ഈ ബിൽ സംബന്ധിച്ച വിഷയം സങ്കീർണ്ണമായ ഒരു സാമൂഹിക പ്രശ്നമാണ്. അതുകൊണ്ട് ബന്ധപ്പെട്ടവരുമായിട്ടെല്ലാം ചർച്ച ചെയ്ത്, പ്രതിപക്ഷ പാർട്ടികൾ ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ സർക്കാർ ഈ കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കുകയുള്ളൂ.

(5) നെല്ല് സംഭരണം

ശ്രീ. പള്ളിപ്രം ബാലൻ : സർ, കാസർഗോഡ് ജില്ലയിൽ നിന്ന് നെല്ല് ശേഖരിക്കണമെന്നാണ് എന്റെ സബ്മിഷനിൽ ഞാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാന കൃഷി വകുപ്പും ഗവൺമെന്റും പാലക്കാട് വരെയുള്ള ജില്ലകളിൽ നിന്ന് 12 രൂപ കൊടുത്ത് കൃഷിക്കാരിൽ നിന്ന് നെല്ല് ശേഖരിക്കുകയാണ്. കാസർഗോഡ് ജില്ലയിലും തരിശ്നിലങ്ങൾ കൃഷിചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിന് ബഹുമാനപ്പെട്ട മന്ത്രി തന്നെ നേതൃത്വം കൊടുത്തിരിക്കുകയാണ്. ഈ രൂപത്തിലെല്ലാം നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഒരുപാട് സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കാസർഗോഡ് ജില്ല ഉൾപ്പെടെയുള്ള മലബാർ മേഖലയിൽ നിന്ന് ഗവൺമെന്റ് നിശ്ചയിച്ച 12 രൂപ വില കൊടുത്ത് നെല്ല് കൃഷിക്കാരന് സംഭരിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. ഇപ്പോൾ കൃഷിക്കാരൻ അധികം വരുന്ന നെല്ല് വിൽക്കുന്നത് 7 രൂപയ്ക്കും 7 രൂപ 50 പൈസയ്ക്കുമാണ്. വളരെ നഷ്ടപ്പെട്ടിട്ടാണ് കൃഷിക്കാർ നെല്ല് വിൽക്കുന്നത്. അതുകൊണ്ട് കൃഷിക്കാരനെ സംരക്ഷിക്കാനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും സഹായകരമായ രീതിയിൽ ഈ മേഖലയിൽ നിന്നെല്ലാം നെല്ല് സംഭരണം നടത്തണമെന്നാണ് എന്റെ അഭ്യർത്ഥന.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, നെല്ല് സംഭരണ പരിപാടി നടപ്പിലാക്കുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണ്. ഏറ്റവും കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുന്നത് പാലക്കാട്, ആലപ്പുഴ, കോട്ടയം, തൃശൂർ, മലപ്പുറത്ത് പൊന്നാനി മേഖല, എറണാകുളത്തെ പൊക്കാളി മേഖല, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നാണ് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന സംഭരണ വിലപ്രകാരം നെല്ല് സംഭരിക്കുന്നത്. കേരളത്തിലെ മൊത്തം നെല്ലുൽപ്പാദനത്തിന്റെ 80 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly